(സി) ഗതാഗതം നിയന്ത്രിക്കാൻ ആവശ്യത്തിന് പോലീസുകാരെ നിയോഗിക്കാത്തതിനാൽ റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഉണ്ടായിരുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി പോലീസ് സ്റ്റേഷനിൽ ഓഫീസർമാരടക്കം 49 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ 11 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്. റാന്നി പെരുമ്പുഴയിലും ഇട്ടിയപ്പാറയിലും ഗതാഗത തടസ്സം നിയന്ത്രിക്കുന്നതിന് എ.ആർ. ക്യാമ്പിൽനിന്നും 4 പോലീസ് ഉദ്യോഗസ്ഥരെ അധികമായി നിയമിച്ച് ഗതാഗതം നിയന്ത്രിച്ച് വരുന്നുണ്ട്.

പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണം

176 (2996) ശ്രീ. പാലോട് രവി :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിസ്റ്റമാറ്റിക് ഹെൽത്ത് അസ്സെസ്സ്മെന്റ് ഫോർ പോലീസ് പേഴ്സണൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പോലീസ് സേനയുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. പോലീസ് വകുപ്പും ആരോഗ്യവകുപ്പും സംയുക്തമായി സഹകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സേനയിലെ പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യവും ശാരീരികക്ഷമതയും നിലനിർത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്മെന്റ് ഫോർ പോലീസ് പേഴ്സണൽ (SHAPE) പദ്ധതി.

(ബി) സേനയിലെ പോലീസുദ്യോഗസ്ഥരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും അവർ വ്യായാമമുറ അഭ്യസിക്കുന്നതിനും ആവശ്യമായ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാകുന്നതിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. എല്ലാ ജില്ലാ പോലീസ് മേധാവിമാരും അവരുടെ കീഴിലുള്ള പോലീസുദ്യോഗസ്ഥർക്ക് ശാരീരിക വ്യായാമമുറകൾക്ക് പരിശീലനം നൽകേണ്ടതും പ്രസ്തുത ശാരീരിക വ്യായാമം രാവിലെ 7 മണി മുതൽ 7.45 മണിവരെ തിങ്കളാഴ്ചകളിലും വ്യാഴാഴ്ചകളിലും നടത്തേണ്ടതും 50 വയസ്സിനുമേൽ പ്രായമുള്ളവർ അവർ ആഗ്രഹിക്കുന്ന പക്ഷം പ്രസ്തുത പരിശീലനത്തിൽ ഏർപ്പെട്ടാൽ മതിയെന്നും കൂടാതെ പരിശീലനങ്ങളിൽ ഏർപ്പെടുന്നതിനുമുമ്പ് എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ മെഡിക്കൽ പരിശോധനകൾക്ക് വിധേയരാകേണ്ടതും സംബന്ധിച്ച കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പോലീസ് വകുപ്പും ആരോഗ്യവകുപ്പും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

പട്ടികവർഗ്ഗ സമൂഹങ്ങൾക്കുള്ള പദ്ധതികളെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണം

177 (2997) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ സമൂഹവുമായി ബന്ധപ്പെട്ട് അഥവാ അവരുടെ പദ്ധതികളുമായി ബന്ധപ്പെട്ട് എത്ര പരാതികളിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട് ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസ്സുകളിൽ വിജിലൻസ് റിപ്പോർട്ട് സമർപ്പിച്ചുവെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ ; ഇവയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ ?